"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/153/2020-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07/09/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - CPRCS പോർട്ടിലിൽ നിന്ന് ലാപ് ടോപ് ലഭ്യമാക്കുന്നതിന് കാലതാമസം - ടെണ്ടർ/ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന് നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. 21.01.2020 -ലെ ഡി.എ1/363/2019/തസ്വഭവ സർക്കുലർ.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.4(3.3).

************************

പട്ടിക ജാതി പട്ടിക വർഗ്ഗ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടിലിൽ നിന്നു തന്നെ വാങ്ങണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ CPRCS മുഖേന ലാപ് ടോപ് വാങ്ങുന്നതിന് നിലവിൽ വളരെയധികം താമസമുണ്ടാകുന്നു എന്നും കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും അല്ലായെങ്കിൽ ലാപ് ടോപ് ഓപ്പൺ ടെണ്ടർ മുഖേന വാങ്ങാൻ അനുമതി നൽകണമെന്നും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ലാപ് ടോപിന്റെ ലഭ്യത കുറഞ്ഞതിനാൽ CPRCS പോർട്ടിലിലൂടെ ലാപ് ടോപ് വിതരണത്തിന് കാലതാമസമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ലാപ് ടോപ് വാങ്ങുന്നത് സംബന്ധിച്ച് സൂചിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെയുള്ള നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ് ടോപ് അടിയന്തരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ ലാപ് ടോപ് കാലതാമസം കൂടാതെ CPRCS മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഐ.റ്റി. മിഷൻ നടപടി സ്വീകരിക്കേണ്ടതാണ്.
2. സൂചിത സർക്കുലർ പ്രകാരം നിർദ്ദിഷ്ഠ സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന ലാപ് ടോപ് വാങ്ങാവുന്നതാണ്.
3. എന്നാൽ ലാപ് ടോപ് സ്പെസിഫിക്കഷൻ സൂചിത സർക്കുലർ പ്രകാരമുള്ളത് തന്നെ ആയിരിക്കേണ്ടതും ടെണ്ടർ തുക മേൽ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിലയേക്കാൾ കുറവുമായിരിക്കണം.

**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഐ.റ്റി മിഷൻ
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.09.11 11:38:05 IST
Reason: Approved

സെക്ഷൻ ഓഫീസർ.